**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2973** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടം, റീച്ച് 1-ന്റെ ഭാഗമായി മാന്നാർ ഇൻടേക്ക് വെൽ മുതൽ പള്ളിപ്പാട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് വരെ 800 മില്ലിമീറ്റർ സ്പൈറലി വെൽഡഡ് എം.എസ്. പൈപ്പ് വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി എത്ര തവണ ടെണ്ടർ/റീ ടെണ്ടർ ചെയ്തിട്ടുണ്ടെന്നും അതിന്റെ വിശദവിവരവും അറിയിക്കാമോ; | (എ) | **പ്രസ്തുത പദ്ധതിയ്ക്കായി 25.11.2021 ൽ 18,82,42,032/- രൂപയുടെ (റോഡ് റെസ്റ്റോറേഷൻ ചാർജ് ഒഴികെ) അടങ്കൽ തുകയ്ക്കുള്ള ദർഘാസ് ക്ഷണിച്ചപ്പോൾ കരാറുകാർ ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. അതിനാൽ 21.01.2022-ൽ പുന:ദർഘാസ് ക്ഷണിക്കുകയുണ്ടായി. എന്നാൽ പുന:ദർഘാസ് ചെയ്തപ്പോഴും ഒരു ഓഫറും ലഭിക്കാത്തതിനാൽ 20.04.2022-ൽ വീണ്ടും ദർഘാസ് ക്ഷണിക്കുകയുണ്ടായി. അപ്പോൾ M/s. മിഡ് ലാൻഡ് എഞ്ചിനീയറിംഗ് & കോൺട്രാക്ടിംഗ് കമ്പനിയുടെ ഒരു ഓഫർ ലഭ്യമായി. എന്നാൽ കമ്പനി, എസ്റ്റിമേറ്റ് തുകയേക്കാൾ 60% കൂടുതലായ 30,11,87,251/- തുകയ്ക്കാണ് ക്വാട്ട് ചെയ്തത്.**<br><br>**നിലവിലുള്ള സർക്കാർ ഉത്തരവ് G.O(P)No.16/2017/Fin തീയതി 06.02.2017 പ്രകാരം താഴെപ്പറയുന്നവയിൽ കുറഞ്ഞ തുകയ്ക്ക് മാത്രമേ പ്രവൃത്തി അനുവദിക്കുവാൻ സാധിക്കുകയുള്ളു.**<br><br>1. **ടെൻഡർ ചെയ്ത അടങ്കൽ തുകയും 10% കൂട്ടിച്ചേർത്തതുമായ തുകയായ 20,70,66,235/- രൂപ.**<br>2. **പ്രാദേശിക വിപണി നിരക്കിനെ അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തുകയായ 19,33,29,142/- രൂപ.**<br>3. **ഏറ്റവും കുറഞ്ഞ ക്വാട്ട് ചെയ്ത തുകയായ 30,11,87,251/-രൂപ.**<br><br>**M/s.മിഡ് ലാൻഡ് എഞ്ചിനീയറിംഗ് & കോൺട്രാക്ടിംഗ് കമ്പനിയോട് പ്രാദേശിക വിപണി നിരക്കായ (LMR) 19,33,29,142/- രൂപയ്ക്ക്** |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവൃത്തി എഗ്രിമെന്റ് ചെയ്യുന്നതിന് തയ്യാറാണോ എന്ന് അറിയിക്കുവാൻ നിർദേശിക്കുകയുണ്ടായി. എന്നാൽ നിലവിൽ ജോലിക്കൂലിയും, സാധന വിലയും ഇരട്ടിയായിട്ടുള്ളതിനാൽ എൽ.എം. ആർ എസ്റ്റിമേറ്റ് തുകയ്ക്ക് എഗ്രിമെന്റ് ചെയ്യുന്നതിന് സാധിക്കുകയില്ലായെന്നും മേൽ പ്രവൃത്തി യഥാസമയം പൂർത്തികരിക്കുന്നതിന് ക്വാട്ട് ചെയ്തിട്ടുള്ള തുകയായ 30,11,87,251/ -രൂപയ്ക്ക് അംഗീകരിച്ച് നൽകണമെന്ന് അറിയിക്കുകയുമുണ്ടായി.<br>ഇനിയും ദർഘാസ് ക്ഷണിച്ചാൽ ടി ടെൻഡറിനെക്കാളും മികച്ച ഓഫർ ലഭിക്കുവാൻ സാധ്യത ഇല്ലായെന്നും, പമ്പിംഗ് ലൈനിന്റെ ബാക്കിയുള്ള ഭാഗവും വിതരണ ശൃംഖലയും ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടൊപ്പം മേൽ പ്രവൃത്തി കൂടി പൂർത്തീകരിച്ചാൽ മാത്രമേ ജനങ്ങൾക്ക് ശുദ്ധജലം നൽകുവാൻ സാധിക്കുകയുള്ളു എന്നും ചൂണ്ടിക്കാട്ടി കേരള വാട്ടർ അതോറിറ്റി പ്രസ്തുത ദർഘാസ് സർക്കാരിന്റെ പരിഗണയ്ക്കായി സമർപ്പിക്കുകയുണ്ടായി.<br>സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ധനകാര്യ വകുപ്പിന്റെ കൂടി അഭിപ്രായം പരിഗണിച്ച് പ്രസ്തുത പ്രവൃത്തിയ്ക്ക് പുന:ദർഘാസ് ക്ഷണിക്കുവാൻ 23/12/2022 തീയതിയിലെ കത്തിലൂടെ കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിക്കുകയുണ്ടായി.<br><br>നിലവിൽ ടി പദ്ധതി JJM-ൽ ഉൾപ്പെടുത്തി സാങ്കേതിക അനുമതി നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ റീടെണ്ടർ/കരാറിന്റെ സ്ഥിരീകരണത്തിനായുള്ള ഫയൽ ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് വിടുന്നതിനായി മുഖ്യമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിരുന്നോ; എങ്കിൽ പ്രസ്തുത ഫയലിൽ മുഖ്യമന്ത്രി/ചീഫ് സെക്രട്ടറി എന്ത് തീരുമാനമാണ് എടുത്തിരുന്നതെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്കു ലഭിച്ച Single Bid അംഗീകരിക്കുന്നതു സംബന്ധിച്ച് ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് വിടുന്നതിന് ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് പുന:ദർഘാസ് ക്ഷണിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു. |
| (സി) | മുഖ്യമന്ത്രിയുടെയോ വകുപ്പ് മന്ത്രിയുടേയോ അംഗീകാരത്തോടെയാണോ ചീഫ് സെക്രട്ടറി ഇത് സംബന്ധിച്ച റിമാർക്സ്/തീരുമാനം എടുത്തിട്ടുള്ളതെന്ന കാര്യം വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തിക്കു ലഭിച്ച Single Bid അംഗീകരിക്കുന്നതു സംബന്ധിച്ച് ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് വിടുന്നതിന് ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിരുന്നു. ധനകാര്യ |

| | | | |
|---|---|---|---|
| | | | **വകുപ്പിന്റെ നിർദ്ദേശ പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് പുന:ദർഘാസ് ക്ഷണിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.** |
| (ഡി) | സമാന സ്ഥിതിവിശേഷവും സാഹചര്യവും നേരിടുന്ന വർക്കുകളുടെ നിർവ്വഹണത്തിന് അനുവർത്തിക്കേണ്ട/സ്വീകരിക്കേണ്ട ഭരണപരവും നിയമാനുസൃതവുമായ നടപടിക്രമങ്ങൾ എന്താണെന്നും ഈ നടപടിക്രമങ്ങൾ പ്രസ്തുത വർക്കിന്റെ കാര്യത്തിൽ അനുവർത്തിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (ഡി) | **നിലവിലുള്ള സർക്കാർ ഉത്തരവ് G.O (P) No.16/2017/Fin തീയതി 06.02.2017 പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ ടി പ്രവൃത്തിയുടെ കാര്യത്തിൽ പാലിച്ചിട്ടുണ്ട്.** |
| (ഇ) | പ്രസ്തുത ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്നും പ്രസ്തുത ടെണ്ടർ സ്ഥിരീകരിച്ച് നൽകുന്നതിന് എന്ത് സാങ്കേതിക തടസ്സമാണ് നിലവിലുള്ളതെന്നും അറിയിക്കാമോ; | (ഇ) | **പ്രസ്തുത പ്രവൃത്തിക്ക് 06/02/2017-ലെ സ.ഉ(പി)നം.16/17/ധന ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പുന:ദർഘാസ് ക്ഷണിക്കുന്നതിന് 23/12/2022 തീയതിയിലെ കത്തിലൂടെ കേരള വാട്ടർ അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി.** |
| (എഫ്) | ഹരിപ്പാട് മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിൽ ഉൾപ്പെടെ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഗണിച്ച് പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിന് അടിയന്തരമായി അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എഫ്) | **നിലവിൽ ടി പദ്ധതി ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി സാങ്കേതിക അനുമതി നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ